# Leprosy

## Case Detection Campaign



### കുഷ്ഠരോഗ നിർണയ ഭവനസന്ദർശനം

# അശ്വമേധം 6.0

**2025 ജനുവരി 30 മുതൽ ഫെബ്രുവരി 12 വരെ**

- കുഷ്ഠരോഗം ബാക്ടീരിയ മൂലമുണ്ടാകുന്ന രോഗമാണ്. വായുവിലൂടെയാണ് ഈ രോഗം പകരുന്നത്.
- തൊലിപ്പുറത്തു കാണപ്പെടുന്ന സ്പർശനശേഷി കുറഞ്ഞ, നിറം മങ്ങിയതോ ചുവന്നതോ ആയ പാടുകൾ, തടിപ്പുകൾ, തടിച്ചതും തിളക്കമുള്ളതുമായ ചർമം, വേദനയില്ലാത്ത വ്രണങ്ങൾ, കൈകാലുകളിലെ മരവിപ്പ്, വൈകല്യം, കണ്ണ് അടയ്ക്കാനുള്ള പ്രയാസം എന്നിവ കുഷ്ഠരോഗ ലക്ഷണങ്ങളാവാം.
- മറ്റേതു രോഗവും പോലെ കുഷ്ഠരോഗവും ആർക്കും പിടിപെടാം. എന്നാൽ ഈ രോഗം പൂർണമായും ചികിത്സിച്ചു ഭേദമാക്കാൻ സാധിക്കും.
- എല്ലാ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിലും കുഷ്ഠരോഗത്തിനുള്ള ചികിത്സ സൗജന്യമായി ലഭിക്കും.
- ആരംഭത്തിലേ ചികിത്സിച്ചാൽ കുഷ്ഠരോഗം മൂലമുണ്ടാകുന്ന വൈകല്യങ്ങൾ തടയാം.
- കുഷ്ഠരോഗ നിർണയ ഭവനസന്ദർശന യജ്ഞത്തിന്റെ ഭാഗമായി പരിശീലനം നേടിയ സംഘമാണ് ഭവനസന്ദർശനം നടത്തുന്നത്.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**
**കേരള സർക്കാർ**



സ്പർശനശേഷി കുറഞ്ഞ
മൊരിയോടുകൂടിയ അടയാളം



സ്പർശനശേഷി കുറഞ്ഞ
വെളുത്ത അടയാളം



വേദനയില്ലാത്ത
ഉണങ്ങാത്ത മുറിവുകൾ



ചെവിയിലും മുഖത്തും ഉള്ള
തിണർപ്പുകൾ



തൊലിപ്പുറമെ ഉയർന്നുനിൽക്കു
ന്ന സ്പർശനശേഷിയില്ലാത്ത
അടയാളം



അരികുകൾ വ്യക്തമല്ലാത്തതും
സ്പർശനശേഷിയില്ലാത്തതുമായ
ചുവന്ന അടയാളം



പുഴുകടിയെന്നു തോന്നിക്കുന്നതും
സ്പർശനശേഷിയില്ലാത്തതുമായ
അടയാളം



ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ
പ്രത്യക്ഷപ്പെടുന്ന സ്പർശനശേഷി
കുറഞ്ഞ ചുവന്നതോ
വെളുത്തതോ ആയ അടയാളം

**ശരീരത്തിൽ പാടുകൾ, ഉണങ്ങാത്ത വ്രണം, തടിപ്പ്, കൈകാലുകൾക്ക് പെരുപ്പ് /മരവിപ്പ് എന്നിവ ഉണ്ടെങ്കിൽ പരിശോധിച്ച് കുഷ്ഠരോഗമല്ല എന്ന് ഉറപ്പുവരുത്തണം.**

**കുഷ്ഠരോഗം ഇപ്പോൾ പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ കഴിയും.**

**പാടുകൾ പരിശോധിക്കാം.... ആരോഗ്യം കാക്കാം....**

ആരോഗ്യ
കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ